പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4023

31.01.2014 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമത്തിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് വിശദമാക്കുമോ ; | (എ) യുവജനങ്ങൾക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.കേരളോത്സവം<br>2. നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്<br>3.ഗോത്രായനം<br>4.അക്ഷര യുവത്വം<br>5.യുവമാധ്യമ പ്രവർത്തക ക്യാമ്പ്<br>6.ചലച്ചിത്ര ക്യാമ്പ്<br>7.യൂത്ത് എക്സിബിഷൻ<br>8.അഡ്വഞ്ചർ കാർണിവൽ<br>9.ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്<br>10.സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം<br>11.പേപ്പർ ബാഗ് നിർമ്മാണം<br>12.ഡി.റ്റി.പി/പി.എസ്.സി ഓൺലൈൻ പരിശീലനം<br>13.ജോബ്ഫെസ്റ്റ്<br>14.യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്<br>15.നാടിക<br>16.ജീവദായിനി<br>17.യുവഹരിതം<br>18.വ്യക്തിത്വ വികസന പരിശീലനം<br>19.വനിതാശില്പശാല<br>20.പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം<br>21.ചിത്രസൂത്ര<br>22.ലഹരിവിരുദ്ധ ബോധവൽക്കരണ കലാജാഥ<br>23.യുവകർമ്മസേന<br>24.നാടൻകലാമേള<br>25.ഭാരത്ദർശൻ |

| | |
|---|---|
| | 26.സാഹസിക കായിക വിനോദങ്ങൾ<br>27.വ്യവസായ സംരംഭകത്വം<br>28.യുവദർശൻ<br>29.യൂത്ത് ക്ലബ്ബുകൾക്കുള്ള ധനസഹായം |
| (ബി) പ്രസ്തുത പദ്ധതികൾക്കായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് വാർഷിക ക്രമത്തിൽ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ; | (ബി) 2012-13- ൽ 15 കോടി (പതിനഞ്ച് കോടി) രൂപയും 2013-14 ൽ 1750 ലക്ഷം (പതിനേഴ് കോടി അൻപത് ലക്ഷം) രൂപയും അനുവദിച്ചിരുന്നു. ഇതിൽ 2012-13 സാമ്പത്തിക വർഷം 10,36,05,746/- രൂപ ( പത്ത് കോടി മുപ്പത്തിയാറ് ലക്ഷത്തി അയ്യായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയാറ് രൂപ) ചെലവഴിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ ഒന്നാം ഗഡു ആയി 5,83,00,000/- ( അഞ്ച് കോടി എൺപത്തി മൂന്ന് ലക്ഷം) രൂപയാണ് അനുവദിച്ചിട്ടുള്ളത്. 2013-14 ലെ പരിപാടികൾ നടന്നുവരികയാണ്.<br>സംസ്ഥാനതലത്തിൽ നടത്തുന്ന പരിപാടികൾക്ക് എല്ലാ ജില്ലയിൽ നിന്നും യുവജനങ്ങൾ പങ്കെടുക്കുന്നുണ്ട്. ആകയാൽ ജില്ലാ തലത്തിൽ ചെലവ് കണക്കിലെടുക്കാൻ നിർവ്വാഹമില്ല. |
| (സി) ഈ സർക്കാർ പുതിയതായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നതിന്റെ വിശദാംശം അറിയിക്കാമോ ? | (സി) പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>ജീവദായിനി - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് അടിയന്തിര ഘട്ടങ്ങളിൽ രക്തം ആവശ്യമുള്ളവർക്ക് രക്തം യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെ ലഭ്യമാക്കുന്നതിന് രൂപീകരിച്ചിരിക്കുന്ന പദ്ധതിയാണ് ജീവദായിനി.<br>വ്യവസായ സംരംഭകത്വം യുവജനങ്ങളുടെ സംരംഭകത്വശേഷി വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ Entrepreneurship Development Institute of India അഹമ്മദാബാദിന്റെ സഹകരണത്തോടുകൂടിയാണ് വ്യവസായ സംരംഭകത്വം എന്ന നവീന പദ്ധതി ആരംഭിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ